# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട

ചോദ്യം നമ്പർ : *789 — 09.11.2016 ൽ മറുപടിയ്ക്ക്

### കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ച ടൂറിസം പദ്ധതികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>,, എ. പ്രദീപ്കുമാർ<br>,, സി. കെ. ശശീന്ദ്രൻ<br>,, വി. ജോയി : | | ശ്രീ. എ. സി. മൊയ്തീൻ<br>(സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) |
| [എ] ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം ടൂറിസം പദ്ധതികളുടെ അനുമതിക്കാണ് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടതെന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഇതിൽ ഏതെല്ലാം ടൂറിസം പദ്ധതികൾക്കാണ് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതെന്നും അവയ്ക്ക് ഓരോന്നിനും എത്ര തുകയുടെ അനുമതിയാണ് ലഭിച്ചതെന്നും വ്യക്തമാക്കാമോ;<br><br>(സി) കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും ഉറപ്പ് ലഭിച്ച ടൂറിസം പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ? | [എ]<br>(ബി)<br>&<br>(സി) | കേന്ദ്ര ടൂറിസം മന്ത്രാലയത്തിൽ നിന്നും സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശബരിമല – എരുമേലി പമ്പ – സന്നിധാനം വികസനത്തിനായി 9998.92 ലക്ഷം രൂപയുടെയും ശ്രീ പത്മനാഭ – ആറന്മുള –ശബരിമല വികസനത്തിനായി 9244.26 ലക്ഷം രൂപയുടെയും അനുമതി ലഭിച്ചിട്ടുണ്ട്. കൂടാതെ മലബാറിന്റെ ടൂറിസം വികസനത്തിനായി പ്രത്യേക സാമ്പത്തിക സഹായത്തിന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ പ്രധാന തീർത്ഥാടക കേന്ദ്രങ്ങളുടെ വികസനത്തിനായി കേന്ദ്ര ടൂറിസം മന്ത്രാലയം സമാരംഭിച്ച പദ്ധതിയായ പ്രസാദ് സ്കീമിൽ ഇന്ത്യയിലെ 8 കേന്ദ്രങ്ങൾ അനുവദിച്ചതിൽ കേരളത്തിൽ നിന്നും ഗുരുവായൂർ ഉൾപ്പെടുത്തിയിട്ടുള്ളതായി അറിയിപ്പ് ലഭിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആവശ്യമായ നടപടികൾ വകുപ്പ് സ്വീകരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ